പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6032 | 08.07.2013 ൽ മറുപടിയ്ക്ക് |
|---|---|
| നബാർഡ് സഹായത്തോടെ ആർ. ഐ.ഡി.എഫ് സ്കീം പ്രകാരം അംഗൻവാടി നിർമ്മാണം | |
| ചോദ്യം | ഉത്തരം |
| ശ്രീ.എ.കെ. ബാലൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) നബാർഡിന്റെ സഹായത്തോടെ ആർഐഡിഎഫ് സ്കീം പ്രകാരം സംസ്ഥാനത്ത് പുതിയ അംഗൻവാടികൾ നിർമ്മിക്കുവാനും പഴയത് നവീകരിക്കുവാനും പദ്ധതിയുണ്ടോ ? | (എ) ഉണ്ട് |
| (ബി) എങ്കിൽ എത്ര അംഗൻവാടികളാണ് ഇപ്രകാരം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ? | (ബി) സ്ഥലം ലഭ്യമാകുന്ന 700 അങ്കണവാടികളുടെ നിർമ്മാണത്തിനുള്ള പദ്ധതിയ്ക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. |
| (സി) എത്ര അംഗൻവാടികൾ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട് ; | (സി) & (ഡി) NABARD-RIDF പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം നടത്തുന്നതിലേയ്ക്കായുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നതേയുള്ളു. ആയതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) തരൂർ മണ്ഡലത്തിൽ നിന്നും ഏതെല്ലാം അംഗൻവാടികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | |
| (ഇ) ആയതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ? | (ഇ) ഓരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും (2012- ലെ പൊതുമരാമത്ത് വകുപ്പ് എസ്.ഒ.ആർ പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള രേഖകൾ സഹിതം പ്രോഗ്രാം ഓഫീസർമാരുടെ റിപ്പോർട്ട് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളു. ഇതനുസരിച്ച് അംഗനവാടികളെ പട്ടികപ്പെടുത്തി പ്ലാൻ/എസ്റ്റിമേറ്റു സഹിതം നബാർഡിന് ലഭ്യമാക്കുന്ന മുറയ്ക്കേ സഹായം ലഭിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ